# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2564 — 18.06.2014 ലെ മറുപടിക്ക്

### വിനോദ സഞ്ചാരമേഖലയിലെ ജനകീയ പങ്കാളിത്തം

**ചോദ്യം**

ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. വർക്കല കഹാർ
ശ്രീ. ഹൈബി ഈഡൻ

എ) മിഷൻ 676ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ടൂറിസം വകുപ്പ് രൂപം നൽകുന്ന ജനകീയ ടൂറിസം പദ്ധതിയാണ് "ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം" വിനോദസഞ്ചാര വികസനം ജനങ്ങളിലൂടെ ജനങ്ങൾക്കു വേണ്ടി എന്ന ആശയമാണ് ഇതുവഴി സാദ്ധ്യമാക്കുക. സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ തദ്ദേശീയരുടെ പങ്കാളിത്തം ഉറപ്പാക്കുകയും വിനോദസഞ്ചാര വികസനത്തിന്റെ സദ്ഫലങ്ങൾ തദ്ദേശീയർക്കുകൂടി ലഭ്യമാക്കുകയും ചെയ്യണമെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സമൂഹത്തിലെ സമ്പന്ന വിഭാഗത്തിന്റെ വിനോദോപാധി എന്ന നിലയിൽനിന്ന് വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ നേട്ടം സാധാരണക്കാർക്കുകൂടി ലഭ്യമാക്കികൊണ്ട് ജനകീയ ടൂറിസം എന്ന ആശയം യാഥാർത്ഥ്യമാക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നത്. വിനോദസഞ്ചാര വികസനത്തിനായി നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശവാസികളുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ചാവും ആസൂത്രണം ചെയ്തു നിർവ്വഹിക്കുക.

(..........2)

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്ന-തെന്ന് വിശദമാക്കുമോ ; | ബി) | 1. ഗോഡ്സ് ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം.<br>2. ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ആന്റ് വാട്ടർ ടാക്സി ബോട്ട് സർവ്വീസ്<br>3. വിഭിന്നശേഷിയുള്ള വിനോദസഞ്ചാരികൾക്കുവേണ്ടി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സൗഹൃദ പശ്ചാത്തലമൊരുക്കൽ<br>4. സ്പൈസ് റൂട്ട് പദ്ധതി<br>5. കേരള സീപ്ലെയിൻ പദ്ധതി<br>6. വിസ ഓൺ അറൈവൽ സംവിധാനം<br>7. കോവളം ക്രാഫ്റ്റ് വില്ലേജ് പൂർത്തിയാക്കൽ |
| സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | സി) | ഇപ്പോൾ വിവിധ ഘട്ടങ്ങളിലുള്ള ഈ പദ്ധതികളുടെ രൂപീകരണവും നിർമ്മാണവും സംബന്ധിച്ച ചർച്ചകളും വിലയിരുത്തലുകളും വിവിധ തലങ്ങളിൽ നടത്തിയിട്ടുണ്ട്. |
| ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | ഡി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പുതലത്തിലും പ്രാദേശിക തലത്തിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**